പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1861 01.11.2019-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. യിലെ ഡ്യൂട്ടി ക്രമീകരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.എം.ഷാജി | ശ്രീ. എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതു മുതൽ കെ.എസ്.ആർ.ടി.സി. യിൽ ഓരോ ഷെഡ്യൂളിലും ജോലി ചെയ്യുന്ന കണ്ടക്ടർ /ഡ്രൈവർ വിഭാഗത്തിൽപ്പെടുന്നവർക്ക് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നൽകി വന്നിരുന്ന ഡ്യൂട്ടിയുടെ എണ്ണത്തിൽ കുറവ് വരുത്തിയിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച വിശദ വിവരം നൽകുമോ; | (എ) | ഉണ്ട്.<br>കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോയികൊണ്ടിരിക്കുന്ന കെ.എസ്.ആർ.ടി.സി. യിൽ സമഗ്ര പുനരുദ്ധാരണം ലക്ഷ്യമിട്ട് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിരവധി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.<br>മാനവ വിഭവശേഷി പരമാവധി ഉപയോഗപ്പെടുത്തുന്ന രീതിയിൽ 1961-ലെ മോട്ടോർ തൊഴിലാളി നിയമ വ്യവസ്ഥകൾക്കനുസരിച്ച് ഡ്യൂട്ടി സമയം ഏകീകരിച്ച് ഡ്യൂട്ടി പരിഷ്കരണം നടപ്പിൽ വരുത്തിയിട്ടുണ്ട്. |
| (ബി) | ഇത്തരത്തിൽ ഡ്യൂട്ടിയിലെ എണ്ണത്തിൽ വരുത്തിയ കുറവ് ഈ സ്ഥാപനത്തിൽ ഈ വിഭാഗങ്ങൾക്ക് മാത്രമല്ലാതെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്കും ബാധകമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; അറിയിക്കുമോ; | ബി) | മിനിസ്റ്റീരിയിൽ ജീവനക്കാരുടെ പ്രവൃത്തി സമയം ആനുപാതികമായി വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (സി) | ഒരേ സ്ഥാപനത്തിൽ ജോലി നോക്കുന്നവരിൽ പ്രധാനമായും ഏണിംഗ് സ്റ്റാഫുകൾക്ക് | (സി) | കെ.എസ്.ആർ.ടി.സി ജീവനക്കാരുടെ മാനവ വിഭവശേഷി പൂർണ്ണമായും, കാര്യക്ഷമമായും ഉപയോഗപ്പെടുത്തുന്നതിനായി എല്ലാ വിഭാഗം |

| | | | |
|---|---|---|---|
| | മാത്രമായി ഡ്യൂട്ടി എണ്ണത്തിൽ വരുത്തിയ കുറവ് ഗവൺമെന്റ് നയത്തിന് അനുസൃതമായിട്ടാണോ; ഇല്ലെങ്കിൽ അത് തിരുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | | ജീവനക്കാരുടേയും ഡ്യൂട്ടി സമയം പുന:ക്രമീകരിച്ചിട്ടുണ്ട്. |
| (ഡി) | പി. എസ്. സി. വഴി നിയമനം നേടി ജോലിക്കെത്തുന്ന കെ.എസ്.ആർ.ടി.സി. യിലെ ഏണിംഗ് വിഭാഗത്തിന് മാത്രം ഇത്തരത്തിൽ നേരത്തേ നൽകി വന്നിരുന്ന ഡ്യൂട്ടി നിരക്കിലെ ശമ്പളവെട്ടിക്കുറവ് വരുത്തിയത് തിരുത്താൻ ആവശ്യമായ നിർദ്ദേശം നൽകുമോ എന്നറിയിക്കാമോ? | (ഡി) | നിയമാനുസൃതമായി കെ.എസ്.ആർ.ടി.സി.യിൽ ജോലിയിൽ പ്രവേശിച്ച എല്ലാ വിഭാഗം ജീവനക്കാർക്കും, സമഗ്ര പുനരുദ്ധാരണത്തിന്റെ ഭാഗമായി, മാനവ വിഭവശേഷി പരമാവധി ഉപയോഗപ്പെടുത്തുന്ന രീതിയിൽ ഡ്യൂട്ടികൾ പരിഷ്കരിച്ചിട്ടുണ്ട്. ഒരു വിഭാഗം ജീവനക്കാരുടേയും ശമ്പളത്തിൽ കുറവ് വരുത്തിയിട്ടില്ല. ഓപ്പറേറ്റിംഗ് വിഭാഗത്തിൽ വരുന്ന ഡ്രൈവർ, കണ്ടക്ടർ ജീവനക്കാർക്ക് ശമ്പളത്തിനു പുറമെ കിലോമീറ്റർ അലവൻസ്, ഇൻസെന്റീവ് ബാറ്റ അല്ലെങ്കിൽ കളക്ഷൻ ബാറ്റ, യൂണിഫോം അലവൻസ്, ഷൂ അലവൻസ് എന്നിവയും കൂടാതെ ഷെഡ്യൂളുകളുടെ പ്രത്യേകത അനുസരിച്ച് റിസ്ക് അലവൻസും അധിക സാമ്പത്തിക ആനുകൂല്യങ്ങളായി നൽകി വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**